പതിനാലാം കേരള നിയമസഭ

<u>പത്താം സമ്മേളനം</u>

<u>നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. * 366</u>      <u>19.03.2018 ൽ മറുപടിക്ക്</u>

## <u>പുതിയ റെയിൽ പാത നിർമ്മാണം</u>

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.സി.കൃഷ്ണൻ<br>,, ബി.സത്യൻ<br>,, ജോർജ് എം. തോമസ്<br>,, രാജു എബ്രഹാം | ശ്രീ. ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് ഗതാഗത വികസനം മന്ദീഭവിപ്പിക്കുന്ന മുഖ്യഘടകം ഭൂമിയുടെ ലഭ്യതയിലുണ്ടാകുന്ന പ്രശ്നങ്ങളാണെന്നത് പരിഗണിച്ച് നിലവിലുള്ള റെയിൽ പാതകളോട്ടുചേർന്ന് തിരുവനന്തപുരം മുതൽ കാസർഗോഡ് വരെയുള്ള പുതിയ റെയിൽ പാത നിർമ്മാണത്തിന് കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ഉദ്ദേശിക്കുന്നുണ്ടോ; ഈ പദ്ധതിയോട് കേന്ദ്ര റെയിൽവേ മന്ത്രാലയത്തിന്റെ സമീപനം എന്താണെന്ന് അറിയിക്കാമോ; | (എ) തിരുവനന്തപുരം മുതൽ കാസർഗോഡ് വരെ മൂന്നും നാലും പാത എന്ന പദ്ധതി കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിന്റെ മുൻഗണനാ പട്ടികയിലുള്ള പദ്ധതിയാണ്. പ്രസ്തുത പദ്ധതിയുടെ ഫീസിബിലിറ്റി റിപ്പോർട്ട് കേരള റെയിൽ ഡവലപ്മെന്റ് കോർപ്പറേഷൻ തയ്യാറാക്കുകയും കേന്ദ്ര സർക്കാരിനു സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഈ പദ്ധതി സംബന്ധിച്ച് വിശദമായ ഒരു പഠനം നടത്തി വീണ്ടും കേന്ദ്ര ഗവൺമെന്റിനു സമർപ്പിക്കുവാൻ റെയിൽവേ ബോർഡിനു കത്ത് നൽകിയിട്ടുണ്ട്. ആയതിനെ കുറിച്ചുള്ള വിശദമായ ഒരു പഠനം കേരള റെയിൽ ഡവലപ്മെന്റ് കോർപ്പറേഷൻ നടത്തി വരികയാണ്. |
| (ബി) കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ഉടനെ ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ ഏതെല്ലാമാണ്; | (ബി) സംയുക്ത സംരംഭ കമ്പനിയായ കേരള റെയിൽ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ഏറ്റെടുക്കുന്ന പ്രധാന പദ്ധതികൾ താഴെപറയുന്നവയാണ്.<br>1. തലശ്ശേരി - മൈസൂർ ബ്രോഡ് ഗേജ് പാത<br>2. സെമി ഹൈസ്പീഡ് ട്രെയിനുകൾക്കായി തിരുവനന്തപുരം മുതൽ കാസർഗോഡ് വരെ നിലവിലുള്ള ഇരട്ട പാതയ്ക്കുപുറമേ മൂന്നും നാലും ലൈനുകൾ<br>3. എറണാകുളത്ത് ഹൈക്കോർട്ടിന് അടുത്തുള്ള പഴയ റെയിൽവേ സ്റ്റേഷൻ പുനരുജ്ജീവിപ്പിച്ച് ഒരു ഹബ്ബ് ആക്കി പ്രവർത്തനം ആരംഭിക്കുന്ന പദ്ധതി |

| | | |
|---|---|---|
| (സി) | ശബരി റെയിൽപാതയുടെ സ്ഥലമെടുപ്പിനും തലശ്ശേരി-മൈസൂർ പാതയുടെ അംഗീകാരത്തിനുമായി സ്വീകരിച്ച നടപടികൾ അറിയിക്കാമോ? | (സി) അങ്കമാലി - ശബരി റെയിൽപാതയുടെ നിർമ്മാണത്തിന് ആകെ 113.26 ഹെക്ടർ ഭൂമിയാണ് ആവശ്യമുള്ളത്. അങ്കമാലി മുതൽ കാലടി വരെയുള്ള സ്ഥലമെടുപ്പ് പ്രവർത്തികൾ പൂർത്തിയായിട്ടുണ്ട്. കാലടിയിൽ നിന്നുള്ള സർവ്വേ/ അലൈൻമെന്റ് നടപടികൾ പുരോഗമിച്ചു വരുന്നു. കോട്ടയം ജില്ലയിലെ 14.05.2013 ൽ ബഹു.മുഖ്യമന്ത്രി ജനപ്രതിനിധികളുടെ സാന്നിദ്ധ്യത്തിൽ കൂടിയ യോഗത്തിൽ അംഗീകരിച്ച അലൈൻമെന്റ് പ്രകാരമുള്ള സർവ്വേ നടപടികൾ പുരോഗമിച്ചു വരുന്നു. കോട്ടയം ജില്ലയിൽ രണ്ടു കിലോമീറ്ററോളം റെയിൽവേ സ്ഥാപിച്ച അലൈൻമെന്റ് കല്ലുകൾ അപ്രത്യക്ഷമായതിനാൽ പോലീസ് സംരക്ഷണത്തോടുകൂടി സർവ്വേ/ അലൈൻമെന്റ് നടപടികൾ പൂർത്തീകരിക്കാനുള്ള ക്രമീകരണങ്ങൾ ഏർപ്പെടുത്താൻ കോട്ടയം ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇടുക്കി ജില്ലയിലെ ശബരി റെയിൽപാത കടന്നുപോകുന്ന 13 വില്ലേജുകളിൽ മൂന്ന് വില്ലേജുകളിലെ സർവ്വേ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഫൈനൽ ലൊക്കേഷൻ സർവ്വേ 45 ദിവസത്തിനകം പൂർത്തീകരിക്കുന്നതാണെന്ന് ഇടുക്കി ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്. പത്തനംതിട്ട ജില്ലയിൽ എസ്.ഐ.എ പഠനം നടത്തുന്നതിന് ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.<br>തലശ്ശേരി - മൈസൂർ പാതയെ പറ്റിയുള്ള സാധ്യതാ പഠനം നടത്തുവാൻ കൊങ്കൺ റെയിൽ കോർപ്പറേഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. തലശ്ശേരിക്കും പെരിയപട്ടണത്തിനുമിടയിലുള്ള 180.5 കി.മീ ദൂരമുള്ള റെയിൽവേ ലൈനിന്റെ 5000.03 കോടി രൂപ ചെലവിൽ നിർമ്മിക്കുവാനുള്ള സാധ്യതാ പഠന റിപ്പോർട്ട് കേരള റെയിൽ ഡവലപ്മെന്റ് കോർപ്പറേഷൻ റെയിൽവേ ബോർഡിനു സമർപ്പിച്ചിട്ടുണ്ട്. ഈ നിർദ്ദിഷ്ട റെയിൽവേ ലൈൻ തെക്കു പടിഞ്ഞാറൻ റെയിൽവെയുടെ 2018-19 സാമ്പത്തിക വർഷത്തിലെ വർക്സ് പ്രോഗ്രാമിൽ ഉൾപ്പെടുത്തിയിട്ടുള്ള മൈസൂർ-മടിക്കേരി ലൈനുമായി ബന്ധിപ്പിക്കും. ഈ ഏരിയായുടെ സാമൂഹിക സാമ്പത്തിക ഉന്നമനം പദ്ധതി ഉറപ്പാക്കുന്നതാണ്. ഈ ലൈൻ വരുന്നതോടുകൂടി ഉണ്ടാകാൻ പോകുന്ന ഇന്ധന ലാഭവും പ്രവർത്തി ദിവസങ്ങളും എല്ലാം കണക്കിലെടുത്ത് ഇതു പ്രാവർത്തികമാക്കുവാൻ ശിപാർശ ചെയ്തു വരുന്നു. |

S.R...

സെക്ഷൻ ഓഫീസർ